## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3896 11.11.2019 ൽ മറുപടിക്ക്

### ബാലുശ്ശേരി താലൂക്കാശുപത്രിയിലെ പുതിയ തസ്തികകളും സൗകര്യങ്ങളും

| ചോദ്യം<br><br>ശ്രീ.പുരുഷൻ കടലുണ്ടി | | ഉത്തരം<br>കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പമന്ത്രി) | |
|---|---|---|---|
| (എ) | ബാലുശ്ശേരി താലൂക്കാശുപത്രിയിൽ നിലവിൽ ശരാശരി എത്ര പേരാണ് ഒ.പി.യിൽ ചികിത്സയ്ക്കായി എത്തുന്നതെന്ന് അറിയിക്കാമോ; | (എ) | ബാലുശ്ശേരി താലൂക്കാശുപത്രിയിൽ നിലവിൽ ശരാശരി 650 ആളുകൾ ഒ.പി.യിൽ ചികിത്സയ്ക്കായി എത്തുന്നുണ്ട്. |
| (ബി) | നിലവിലുള്ള സ്റ്റാഫ് പാറ്റേൺ പ്രകാരം താലൂക്കാശുപത്രിയിൽ എത്തുന്ന എല്ലാവർക്കും മെച്ചപ്പെട്ട ചികിത്സ ലഭ്യമാക്കാൻ കഴിയുന്നുണ്ടോ; വ്യക്തമാക്കുമോ; | (ബി) | നിലവിലുള്ള സ്റ്റാഫ് പാറ്റേൺ പ്രകാരം താലൂക്കാശുപത്രിയിൽ എത്തുന്ന എല്ലാവർക്കും മെച്ചപ്പെട്ട ചികിത്സ ലഭ്യമാക്കാൻ കഴിയുന്നുണ്ട്. ഇവിടെ ജനറൽ മെഡിസിൻ, ഒ.പി., പീഡിയാട്രിക്സ്, ടി.ബി. ചികിൽസ എൻ.സി.ഡി.ഒ.പി., ഡെന്റൽ വിംഗ് മുതലായവ നന്നായി പ്രവർത്തിക്കുന്നു. |
| (സി) | ഭൂരിഭാഗം മലയോര പഞ്ചായത്തുകളിൽ നിന്നും ആദിവാസി വിഭാഗക്കാർ ചികിത്സയ്ക്കായി എത്തുന്ന പ്രസ്തുത താലൂക്കാശുപത്രിക്കായുള്ള തസ്തിക സൃഷ്ടിക്കൽ നടപടി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ; | (സി) | സർക്കാരിന്റെ ആർദ്രം മിഷനിൽ ഉൾപ്പെട്ട ആശുപത്രിയാണ് ബാലുശ്ശേരി താലൂക്കാശുപത്രി, ആർദ്രം പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ 07 പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. |
| (ഡി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ബാലുശ്ശേരി താലൂക്കാശുപത്രിയിൽ അനുവദിച്ച പുതിയ തസ്തികകളും ചികിത്സാ സൗകര്യങ്ങളും ഏതൊക്കെയാണെന്ന് അറിയിക്കാമോ? | (ഡി) | ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി താഴെ പറയുന്ന തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.<br>1. ജൂനിയർ കൺസൾട്ടന്റ് (ഫിസിഷ്യൻ) – 1<br>2. ജൂനിയർ കൺസൾട്ടന്റ് (പീഡിയാട്രീഷ്യൻ) – 1<br>3. സ്റ്റാഫ് നഴ്സ് ഗ്രേഡ്-2 – 3<br>4. ഫാർമസിസ്റ്റ് ഗ്രേഡ്-2 – 1<br>5. അസിസ്റ്റന്റ് ഡെന്റൽ സർജൻ – 1<br>ആർദ്രം മിഷനിൽ സർക്കാർ വിഭാവനം ചെയ്തിട്ടുള്ള സൗകര്യങ്ങളാണ് ഘട്ടംഘട്ടമായി തെരഞ്ഞെടുക്കപ്പെട്ട താലൂക്കാശുപത്രികളിൽ ഏർപ്പെടുത്തുന്നത്. |

സെക്ഷൻ ഓഫീസർ